Draft #1 of File 52573/AD A7-2/2021/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 14-Mar-2021 12:52 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

UCIC - ICCR സ്പോൺസർ ചെയ്തിരിക്കുന്ന വിദേശ വിദ്യാർത്ഥികൾക്ക് 2020-2021 അക്കാദമിക്ക് വർ ഷത്തിൽ താമസ സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 1512/AD A 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.03.2021

---

*പരാമർശം:*-1. NO: UCIC/ Hostel / 02/2021 തീയതി 14/02/21 ലെ ഓണററി ഡയറക്ടറുടെ കത്ത്

2. NO: UCIC/ Hostel / 03/2021 തീയതി 03/03/21 ലെ ഓണററി ഡയറക്ടറുടെ കത്ത്

3.14.12.2020 ലെ UCIC Executive Committee Meeting Minutes

**<u>ഉത്തരവ്</u>**

ICCR സ്പോൺസർ ചെയ്തിരിക്കുന്ന 2020-2021 അക്കാദമിക് വർഷത്തെ വിദേശ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഇന്റർനാഷണൽ ഹോസ്റ്റലുകളിൽ മതിയായ താമസസൗകര്യം ലഭ്യമല്ലാത്തതിനാൽ സർവ്വകലാശാലക്കു സമീപത്തുള്ള സ്വകാര്യ ഹോസ്റ്റൽ / വീട് എന്നിവിടങ്ങളിൽ അവർക്ക് അനുയോജ്യമായ താമസ സൗകര്യവും പാചക സൗകര്യവും സർവ്വകലാശാല ഹോസ്റ്റൽ സൗകര്യം ലഭ്യമാകും വരെ ലഭ്യമാക്കുന്നതിന് അനുവദിക്കണമെന്നും , ഇതിനാവശ്യമായ തുക UCIC Maintanence Account ൽ നിന്നും ചെലവാക്കുന്നതിനുമുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് UCIC ഡയറക്ടർ പരാമർശം (1) & (2) അപേക്ഷകൾ സമർപ്പിച്ചിരുന്നു.

പരാമർശം (3) പ്രകാരം വിദേശ വിദ്യാർത്ഥിനികളെ SES ന് അടുത്തുള്ള Kandathil Hostel ൽ താമസിപ്പിക്കുന്നതിനും ആളൊന്നിന് 2500/- രൂപ നിരക്കിൽ വാടകയിനത്തിൽ നൽകുന്നതിനും, നേരത്തെ വാടകയ്ക്കെടുത്തിരുന്നൊരു കെട്ടിടം വീട്ടുടമസ്ഥൻ ആവശ്യപ്പെട്ടതിൻ പ്രകാരം ഒഴിഞ്ഞു കൊടുത്തതിനാൽ, വിദ്യാർത്ഥികൾക്കായി പുതിയൊരു കെട്ടിടം വാടകയ്ക്കെടുക്കുന്നതിനും തീരുമാനിച്ചിരുന്നു..

മേൽ പരാമർശങ്ങളും ഈയിനങ്ങളിൽ ചിലവാകുന്ന തുക ICCR തിരികെ തരുന്നതാണെന്ന ഡയറക്ടറുടെ അറിയിപ്പും പരിഗണിച്ച്, ICCR സ്പോൺസർ ചെയ്തിരിക്കുന്ന വിദേശ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ താമസ സൗകര്യവും പാചക സൗകര്യവുംസർവ്വകലാശാല ഹോസ്റ്റൽ സൗകര്യം ലഭ്യമാകും വരെ ലഭ്യമാക്കുന്നതിന് അനുമതി നൽകിയും ഇതിനുള്ള ചെലവുകൾ UCIC Maintanence Account ൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകിയും ബഹു: വൈസ് ചാൻസലർ

ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലേഖ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

പകർപ്പ്

1. ഓണററി ഡയറക്ടർ , UCIC
2. വൈസ് ചാൻസിലറുടെ/പ്രൊ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.
4. ജോയിന്റ് രജിസ്ട്രാർ-3(ഭ.വി.)/ അസിസ്റ്റന്റ് രജിസ്ട്രാർ-5(ഭ.വി.)
5. ഫിനാൻസ് 1/ ഓഡിറ്റ് 1/5, എസി. സി 1/2
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ
8. ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 52573/AD A7-2/2021/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 14-Mar-2021 12:52 PM - Page 2